ധനം
BUSINESS MAGAZINE
2018 OCTOBER 15 ISSUE

DIAMOND CEMENT
The people's choice

# ഡയമണ്ട് സിമന്റ്
# ഗുണമേൻമ കരുത്താക്കിയ ജനപ്രിയ ബ്രാൻഡ്

ഉന്നത ഗുണനിലവാരത്തെ ശക്തമായൊരു അടിത്തറയാക്കി കേരളീയ വിപണിയിൽ മികച്ച സാന്നിദ്ധ്യമാകുകയാണ് പാലക്കാട്ടെ കഞ്ചിക്കോട് വ്യവസായ മേഖലയിൽ നിന്നും ഉൽപ്പാദിപ്പിക്കപ്പെടുന്ന ഡയമണ്ട് സിമന്റ്. കോൺക്രീറ്റിന് ഉപയോഗിക്കുന്ന കമ്പി തുരുമ്പിക്കാതെയും സീലിംഗിലും ഭിത്തിയിലും വിള്ളലുകളുണ്ടാകാതെയും സംരക്ഷണ കവചമൊരുക്കുമെന്നതാണ് ഡയമണ്ട് സിമന്റിന്റെ ഒരു പ്രധാന സവിശേഷത.


ടി.കെ.ഇസ്മയിൽ


പി.യു മുഹമ്മദ് ബഷീർ


ടി.കെ ജാഫർ സനൽ

'ദീർഘകാലം ഈട് നിൽക്കുന്ന മിശ്രണ രീതിയാണ് സ്വീകരിച്ചിരിക്കുന്നത്. അതിനാൽ ബഹുനില കെട്ടിടങ്ങൾക്കും മേൽപ്പാലങ്ങൾക്കും പുറമേ കടലിലെ നിർമാണ പ്രവർത്തനങ്ങൾക്ക് വരെ അനുയോജ്യമായൊരു സിമന്റാണിത്' കമ്പനിയുടെ മാനേജിംഗ് ഡയറക്ടറായ ടി.കെ ഇസ്മയിൽ ചൂണ്ടിക്കാട്ടി. അത്യാധുനിക നിർമാണ പ്ലാന്റും നവീന ഉൽപ്പാദന രീതികളുമാണ് കമ്പനി സ്വീകരിച്ചിട്ടുള്ളത്. പൂർണ്ണമായും ആട്ടൊമേറ്റഡും കംപ്യൂട്ടറൈസ്ഡുമായ കമ്പനിയുടെ പ്ലാന്റിൽ നിന്നും പോർട്ലാൻഡ് പോസോലന സിമന്റാണ് (പിപിസി) നിർമിക്കപ്പെടുന്നത്. ഡയമണ്ട് സിമന്റ് എന്ന ബ്രാൻഡിന് പുറമേ എംസിസി പ്രീമിയം എന്ന ബ്രാൻഡിലും കമ്പനി സിമന്റ് ലഭ്യമാക്കുന്നുണ്ടെന്ന് സി.ഇ.ഒയും എക്സിക്യൂട്ടിവ് ഡയറക്ടറുമായ ടി.കെ ജാഫർ സനൽ പറഞ്ഞു.

അയൽ സംസ്ഥാനമായ തമിഴ്നാട്ടിൽ മികച്ചൊരു വിതരണ ശൃംഖല സ്ഥാപിച്ചു കഴിഞ്ഞ കമ്പനി തെക്കൻ കേരളത്തിലെ വിപണനം കൂടുതൽ ശക്തമാക്കുന്നതിനും ലക്ഷ്യമിടുന്നു. കൂടാതെ സയാൻ സിമന്റ്സ് എന്ന പുതിയ പ്ലാന്റിൽ നിന്ന് ഉൽപ്പാദനം ആരംഭിക്കാനുള്ള തയാറെടുപ്പുകളും പൂർത്തിയായിവരുന്നു. പി.യു മുഹമ്മദ് ബഷീറാണ് കമ്പനിയുടെ ചെയർമാൻ. വെബ്സൈറ്റ്: www.diamondcements.com, Toll Free No. 1800 425 6059. ■